


**Chicago Knanaya Catholic Parish Bulletin**

Sacred Heart Knanaya Catholic Church, 611 Maple St., Maywood, IL 60153

St. Mary's Parish Unit, 5212 W. Agatite Ave, Chicago, IL 60630

March 30, 2008, Vol. 3, Issue 27

All issues of our bulletin are available at www.knanayaregion.us/chicago/bulletin.htm

# എനിക്കു ലഭിച്ച രോഗശാന്തിയും സന്ദേശവും

വചനത്തിലൂടെ ദൈവം എനിക്കു രോഗശാന്തി നല്കിയ സാക്ഷ്യം പള്ളിയിൽ പറയണമെന്ന് ദൈവം തന്ന സന്ദേശത്തിലുണ്ടായിരുന്നു.

ഫെബ്രുവരി 27ന് എനിക്ക് പനിയും ചുമയുമുണ്ടായി. ഡോക്ടർ ബ്രോങ്കൈറ്റിസിന് ആന്റിബയോട്ടിക് തന്നെങ്കിലും എനിക്ക് ചുമ കൂടി. കിടക്കാൻ പോലും പറ്റാത്ത അവസ്ഥയായി. തുടർന്ന് ആശുപത്രിയുടെ എമർജൻസിയിൽ പോയി. റെസ്പിറേറ്ററി ട്രീറ്റ്മെന്റ് എടുത്തെങ്കിലും കുറവുണ്ടായില്ല. സാധ്യമായ എല്ലാ മെഡിക്കൽ ടെസ്റ്റുകളും എടുത്തെങ്കിലും കാരണം കണ്ടുപിടിക്കാനായില്ല. ഡോക്ടർ പറഞ്ഞു "യു ആർ എ മിസ്റ്ററി". സാധ്യമായ ചികിത്സകളെല്ലാം മാറി മാറി നോക്കിയിട്ടും എന്റെ സ്ഥിതി വഷളായിക്കൊണ്ടിരുന്നു.

ഇടയ്ക്കു ആശുപത്രിയിൽ നിന്നും വീട്ടിൽ പോന്നെങ്കിലും വീണ്ടും രോഗം കൂടിവന്നു. ഏതായാലും ഞാൻ പ്രാർത്ഥന ഒരിക്കലും ഉപേക്ഷിച്ചില്ല. എന്റെ രോഗം കണ്ടുപിടിക്കാത്ത ക്യാൻസറായിരിക്കുമെന്ന് ഞാൻ വിചാരിച്ചു. ഞാൻ താമസിയാതെ മരിച്ചേക്കുമെന്നുവരെ ചിന്തിച്ചു. വളരെപ്പേർ എനിക്കുവേണ്ടി സ്വന്തമായും പ്രാർത്ഥനാ ഗ്രൂപ്പുകളിലും പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

മാർച്ച് 15ന് എന്റെ സഹോദരിയുടെ വീട്ടിൽ നടത്തിയ പ്രാർത്ഥനാ ഗ്രൂപ്പിൽ പങ്കെടുത്തശേഷം തിരിച്ചു പോരുമ്പോൾ വചന ശുശ്രൂഷയുടെ കാസറ്റ് വണ്ടിയിൽ ഇട്ട് കേട്ടു. വീട്ടിൽ വന്നു കിടന്നപ്പോൾ ശരീരത്തിനെല്ലാം വലിയ വേദനയും ക്ഷീണക്കൂടുതലും. കിടന്നപ്പോൾ എനിക്കു ക്യാൻസർ തന്നെയെന്നു ചിന്തിച്ചു. ഞാൻ പ്രാർത്ഥിച്ച് ഉറങ്ങിപ്പോയി. വെളുപ്പിനെ 2.30 ആയപ്പോൾ വലിയ ദാഹവും പരവേശവുമുണ്ടായി. ഞാൻ ഞെട്ടിയെണീറ്റു. വെള്ളം വാങ്ങിക്കുടിച്ചു. ഞാൻ പ്രാർത്ഥിച്ചുകൊണ്ട് കിടന്നുറങ്ങി. വീണ്ടും 4.15ന് ദാഹത്തോടും വലിയ ചൂടനുഭവത്തോടും കൂടി എഴുന്നേറ്റു. കൂടെകിടന്നപ്പോൾ ഭർത്താവിന് ചൂട് അനുഭവപ്പെട്ടതായി പറഞ്ഞു. പക്ഷെ അദ്ദേഹം പിടിച്ചു നോക്കിയപ്പോൾ ശരീരം തണുത്താണിരുന്നത്. എനിക്ക് വലിയ ദാഹവും ചൂടും അനുഭവപ്പെട്ടുകൊണ്ടിരുന്നു. വീണ്ടും ഒരു കുപ്പി വെള്ളം കൂടി കുടിച്ചു.



**റോസമ്മ സണ്ണി ആക്കാത്തറ ഈസ്റ്റർ ശുശ്രൂഷയ്ക്കുശേഷം പങ്കുവെച്ച അനുഭവ സാക്ഷ്യം.**

മരിക്കാൻ പോവു കയാണെന്ന വിചാരത്തിൽ കുറച്ചുനേരം ബൈബിൾ വായിച്ചു. ശ്വാസം മുട്ടുന്നതുകൊണ്ട് വായിക്കുവാൻ പ്രയാസമായിരുന്നു. ബൈബിൾ തുറന്നപ്പോൾ കിട്ടിയ യോഹന്നാന്റെ സുവിശേഷത്തിലെ ആറാം അദ്ധ്യായം വായിച്ചു തുടങ്ങി. അപ്പോൾ മനസ്സിലായി ഞാൻ തലേദിവസം കേട്ട ആ വചന ശുശ്രൂഷതന്നെയാണ് ഇപ്പോൾ വായിക്കുന്നതെന്ന്. പത്താം അദ്ധ്യായം വരെ വായിച്ചു. എന്തോ സുഖം കിട്ടുന്നതുപോലെ തോന്നി. ശ്വാസം മുട്ടലില്ലാതെ വായിച്ചു. ശരീരം ഇളക്കിനോക്കി. വേദനയില്ല. നടന്നു നോക്കി. വീഴാതെ ശരിക്കും നടന്നു. ഉടനെ സന്തോഷമായി. പ്രേസ് ദ ലോഡ്.

പത്താം അദ്ധ്യായം മുതൽ വായിച്ച സമയത്ത് എന്റെ കണ്ണിനു മുകളിലായി പരിശുദ്ധ ത്രീത്വത്തിന്റെ ചിത്രം ദൃശ്യമായി. അതിൽ പിതാവായ ദൈവം മുകളിലും പുത്രൻ തമ്പുരാൻ മദ്ധ്യ

(Continued on page 5)



Blessing of palm leaves at Sacred Heart Parish Church and OLV Church for St. Mary's Unit.

### PASTOR / VICAR

**Fr. Abraham Mutholath**
**5212 W. Agatite Ave., Chicago, IL 60630.**
**(773) 412-6254 (cell) mutholath2000@yahoo.com**
***www.knanayaregion.us/chicago***

**For a list of all Voluntary Staff, please visit:**
***www.knanayaregion.us/chicago/staff.htm***

### HOLY MASS

**SUNDAY 10:00 A.M.**
**5:30 P.M. at OLV, 5212 W. Agatite Ave, Chicago**
**ENGLISH MASS at 11:30 A.M.**
**THURSDAY 7:00 P.M. Community Center**
**FRIDAY 7:00 P.M.**
**SATURDAY 10:00 A.M.**

### RELIGIOUS EDUCATION

**ON SUNDAYS 10:00 A.M. to 11:15 A.M.**
**3:45 P.M. to 5:00 P.M. at OLV for St. Mary's Unit**

### ADORATION

**ALL: First Fridays after Mass.**
**CHILDREN: Every 2nd and 4th Friday after Holy Mass.**

### RECONCILIATION / CONFESSION

**First Saturdays from 10:00 A.M.**

### NOVENAS

**B.V. Mary after Saturday 10:00 A.M. Mass.**
**St. Jude Novena on Thursdays at 7:00 P.M. at Community Center.**
**St. Michael 3rd Fridays of the month after 7:00 P.M. Mass.**

### PRAYER GROUP

**Sundays after 10:00 A.M. Mass & 4:00 P.M. at OLV.**

### ST. VINCENT DE PAUL SOCIETY

**Sundays after 10:00 A.M. Mass**

### LEGION OF MARY

**Saturdays after 10:00 A.M. Mass.**

### MEN'S & WOMEN'S MINISTRIES

**Third Saturday after 10:00 A.M. Mass**

### PARISH VOLUNTEERS' MEETING

**First Friday evenings after Holy Mass**

### THEOLOGY COURSE

**Third Saturday after 10:00 A.M. Mass**

April 2008

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 |
| 6 | 7 | 8 | 9 | 10 | 11 | 12 |
| 13 | 14 | 15 | 16 | 17 | 18 | 19 |
| 20 | 21 | 22 | 23 | 24 | 25 | 26 |
| 27 | 28 | 29 | 30 | | | |

## Schedule of Events

**SATURDAY, MARCH 29, 2008**
Mass & Novena at 10:00 A.M.

**SUNDAY, MARCH 30, 2008**
Religious Education classes and Malayalam Holy Mass at 10:00 A.M.
Youth Mass in Malayalam at 11:30 A.M.

Religious Education Class at OLV at 3:45 P.M.
Mass at OLV at 5:30 P.M

**THURSDAY, APRIL 3, 2008**
Holy Mass, Novena and Benediction at Community Center at 7:00 P.M.

**FRIDAY, APRIL 4, 2008**
Mass and **Adoration** at 7:00 P.M.
**Volunteers meeting after the Mass**

**SATURDAY, APRIL 5, 2008**
Mass & Novena at 10:00 A.M.
**Confession from 10:00 A.M.**

**SUNDAY, APRIL 6, 2008**
**CATHEDRAL SUNDAY. Second Collection in both churches for the Construction of Syro-Malabar Cathedral at the request of Bishop Mar Jacob Angadiath. Please contribute generously.**
Religious Education classes and Malayalam Holy Mass at 10:00 A.M.
Youth Mass in Malayalam at 11:30 A.M.

Religious Education Class at OLV at 3:45 P.M.
Mass at OLV at 5:30 P.M.

**THURSDAY, APRIL 10, 2008**
Holy Mass, Novena and Benediction at Community Center at 7:00 P.M.

**FRIDAY, APRIL 11, 2008**
**Marriage Preparation Course starts at 6:30 P.M. to 9:30 P.M.**
Mass and **Adoration for children** at 7:00 P.M.

**SATURDAY, APRIL 12, 2008**
**Marriage Preparation Course continues from 9:00 A.M. to 6:30 P.M.**
Mass & Novena at 10:00 A.M.

**SUNDAY, APRIL 13, 2008**
**PRAYER DAY FOR VOCATION**
**Marriage Preparation Course continues from 10:00 A.M. to 5:00 P.M.**
Religious Education classes and Malayalam Holy Mass at 10:00 A.M.
**Annual meeting of St. Vincent de Paul Society and Senior Citizens Ministry after Mass.**
Youth Mass in Malayalam at 11:30 A.M.
Religious Education Class at OLV at 3:45 P.M.
Mass at OLV at 5:30 P.M

**THURSDAY, APRIL 17, 2008**
Holy Mass, Novena and Benediction at Community Center at 7:00 P.M.



# വികാരിയുടെ സന്ദേശം

## മാർ തോമ്മാശ്ലീഹായുടെ അവിശ്വാസവും, പിന്നെ നമ്മളും

എന്റെ പ്രിയ സഹോദരങ്ങളേ,

നമ്മുടെ പൂർവ്വികർ പുറപ്പെട്ട കൽദായ സുറിയാനി സഭയുടെയും, അവർ എത്തിച്ചേർന്ന ഭാരതത്തിലെ മാർ തോമ്മാ സഭയുടെയും ഉത്ഭവത്തിനു കാരണഭൂതനായ തോമ്മാശ്ലീഹായെക്കുറിച്ച് ബൈബിളിൽ രേഖപ്പെടുത്തുന്ന സംഭവമാണല്ലോ മാർ തോമ്മായുടെ അവിശ്വാസം. ക്രിസ്തുവിന്റെ ഉത്ഥാനാനന്തരം ഭയത്തോടെ പ്രാർത്ഥനാ കൂട്ടായ്മയിൽ കഴിഞ്ഞിരുന്ന ശ്ലീഹന്മാർക്ക് ക്രിസ്തു പ്രത്യക്ഷനായപ്പോൾ അതിൽ പങ്കാളിയാകുവാൻ കഴിയാതെ പോയ മാർ തോമ്മാ, തന്റെ സഹപ്രവർത്തകരുടെ സാക്ഷ്യത്തിനു വില കൊടുക്കാതെ, അവിശ്വാസിയായിരിക്കുമെന്നു ശാഠ്യം പിടിച്ചു. മാർ തോമ്മായുടെ പിടിവാശിക്കു വഴങ്ങിയ ക്രിസ്തു, വീണ്ടും പ്രത്യക്ഷപ്പെട്ട് മാർ തോമ്മായ്ക്കു തന്റെ തിരുമുറിവുകളിൽ സ്പർശിക്കുവാൻ അവസരം നല്കിയിട്ടു പറഞ്ഞു: "അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക."

ദൈവികാനുഭവത്തിൽ തന്റെ അചഞ്ചല വിശ്വാസം ഏറ്റുപറഞ്ഞ് തോമ്മാശ്ലീഹാ സുവിശേഷ ദൗത്യം ഏറ്റെടുത്തെങ്കിലും അദ്ദേഹം വഴി വിശ്വാസം സ്വീകരിച്ചവർക്ക് ഈ താല്ക്കാലിക അവിശ്വാസവും പിടിവാശിയും പൈതൃകമായി കാണാറുണ്ട്. പോർത്തുഗീസ് ലത്തീൻ മെത്രാന്മാർക്കു പകരം തങ്ങളുടെ പാരമ്പര്യമനുസരിച്ച് കൽദായ സുറിയാനി മെത്രാന്മാരെ ലഭിക്കണമെന്ന് നിർബന്ധ ബുദ്ധിയും, പോർത്തുഗീസ് സഭാ പിതാക്കന്മാരിലുണ്ടായ അവിശ്വാസവുമാണ് 1653ൽ നിർഭാഗ്യകരമായ കൂനൻ കുരിശു സത്യത്തിലെത്തിച്ചത്. അതു സഭയിലുണ്ടാക്കിയ പിളർപ്പ് ഇന്നും നിലനില്ക്കുന്നു. അവിശ്വാസം പ്രഖ്യാപിച്ചു പിളർന്നു മാറിയവരാകട്ടെ പരസ്പര അവിശ്വാസം പ്രകടിപ്പിച്ച് വീണ്ടും പിളർന്നു. അങ്ങനെ മാർ തോമ്മായുടെ പൈതൃകം പേറുന്ന അനവധി സുറിയാനി സഭകൾ ഭാരതത്തിലുണ്ട്.

കൂനൻ കുരിശു സത്യത്തിൽ പങ്കെടുത്ത ചുങ്കം പള്ളി വികാരിയായിരുന്ന ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാരും അദ്ദേഹത്തെ അനുകൂലിച്ച ക്നാനായക്കാരും, ക്നാനായ യാക്കോബായ സഭയായി മാറിയെങ്കിലും ക്നാനായ കത്തോലിക്കർ എക്കാലവും കത്തോലിക്കാ സഭയോടും തങ്ങളിൽ പെടാത്ത സഭാപിതാക്കന്മാരോടു പോലും വിശ്വസ്തതയും വിധേയത്വവും പുലർത്തിയാണു നിലനിന്നു പോന്നത്. എന്നാൽ അതേസമയം വംശശുദ്ധിയുടെ കാര്യത്തിൽ അവർ വിട്ടുവീഴ്ച ചെയ്തുമില്ല.

ക്നാനായക്കാർ തിരുവതാംകൂറിൽനിന്നു കേരളത്തിന്റെ മറ്റു ഭാഗങ്ങളിൽ കുടിയേറിയപ്പോഴും പള്ളികൾ സ്ഥാപിച്ച് ഇടവക കേന്ദ്രീകൃതമായി അവരെ ഒന്നിപ്പിക്കുവാനും വംശശുദ്ധി പരിപാലിപ്പിക്കുവാനും കോട്ടയത്തെ മെത്രാന്മാർക്കു കഴിഞ്ഞു. എന്നാൽ നമ്മൾ കോട്ടയം രൂപതാതിർത്തി വിട്ടു കുടിയേറിയപ്പോൾ അവർക്കു പരിമിതികളുണ്ടായി. ഭാഗ്യവശാൽ നമ്മുടെ ആളുകൾ ക്നാനായ അസ്സോസിയേഷനുകൾ സംഘടിപ്പിച്ച് നമ്മുടെ പിതാക്കന്മാരെ അവയുടെ രക്ഷാധികാരികളാക്കി. ക്നാനായ മെത്രാന്മാർ അമേരിക്കയിലെ ലത്തീൻ മെത്രാന്മാരുമായി ധാരണയുണ്ടാക്കി അവരുടെ കീഴിൽ ക്നാനായ മിഷനുകൾ സ്ഥാപിക്കുകയും ക്നാനായ വൈദികരെ ലഭ്യമാക്കുകയും ചെയ്തു.

അമേരിക്കയിലെ ക്നാനായ കത്തോലിക്കരുൾപ്പെടെയുള്ള സീറോ മലബാർ വിശ്വാസികളുടെ സഭാപരമായ വളർച്ചയ്ക്ക് പ്രത്യേക രൂപത വേണമെന്ന് നമ്മുടെ മെത്രാന്മാർ ഉൾപ്പെടുന്ന സീറോമലബാർ സിനഡ് മാർപ്പാപ്പായോട് അപേക്ഷിച്ചു. അങ്ങനെ നമുക്കു സീറോ-മലബാർ രൂപത ചിക്കാഗോ കേന്ദ്രമായി ലഭ്യമായി. എന്നാൽ ക്നാനായക്കാരിൽ വംശശുദ്ധി പാലിക്കാത്തവരുടെയും അവരുമായി ബന്ധപ്പെട്ട ചുരുക്കം ചിലരുടെയും പരാതിമൂലം നമ്മുടെ മിഷനുകളിൽ വംശശുദ്ധിയിലധിഷ്ഠിതമായ കർശന നടപടികൾ പാടില്ലെന്ന് ഓറിയന്റൽ കോൺഗ്രിഗേഷൻ നിർദ്ദേശിച്ചത് നമുക്കു പ്രതിസന്ധിക്കു കാരണമായി.

സാഹചര്യം പ്രതികൂലമാണെങ്കിലും സഭാപരമായ നമ്മുടെ വളർച്ചയ്ക്ക് ക്നാനായ മിഷനുകൾ സീറോമലബാർ രൂപതയുടെ കീഴിൽ പുനഃസ്ഥാപിക്കുവാൻ കോട്ടയത്തെ മെത്രാന്മാർ താല്പര്യമെടുത്തു. അതിനുവേണ്ടി അവർ മാർ ജേക്കബ് അങ്ങാടിയാത്തു പിതാവുമായി ധാരണയുണ്ടാക്കി. അതനുസരിച്ച് അദ്ദേഹവുമായി സഹകരിക്കുവാൻ ക്നാനായ മിഷൻ ഡയറക്ടർമാർക്ക് കോട്ടയത്തെ പിതാക്കന്മാർ നിർദ്ദേശം നല്കി. എന്നാൽ മാർ തോമ്മാശ്ലീഹായുടെ ആദ്യകാല അവിശ്വാസത്തിന്റെ ജീനുകളുള്ള നമ്മുടെ ചുരുക്കം ചില സമുദായ പ്രവർത്തകർ നമ്മുടെ പിതാക്കന്മാരെയും വൈദികരെയും അവിശ്വസിച്ചു. സീറോ മലബാർ രൂപതയിൽ സേവനം ചെയ്യുവാൻ സമ്മതം നല്കരുതെന്ന് അവർ വൈദികരോടു നിർദ്ദേശിച്ചു. വൈദിക പട്ട സമയത്ത് മെത്രാന്റെ മടിയിൽ ബൈബിൾ വച്ച് അതിൽ തൊട്ട് രൂപതാദ്ധ്യക്ഷനോടും അദ്ദേഹത്തിന്റെ പിൻഗാമികളോടും വിധേയത്വം ഏറ്റുപറഞ്ഞ വൈദികർക്ക് മെത്രാന്മാരെ അനുസരിക്കുവാൻ വേണ്ടി സഭാ വിരുദ്ധമായ അത്മായ നിർദ്ദേശം നിരസിക്കേണ്ടിവന്നു. തുടർന്നുണ്ടായ പ്രതിസന്ധി മെത്രാന്മാരെയും വൈദികരെയും അവിശ്വസിപ്പിക്കുന്ന ദുഷ്പ്രചരണങ്ങളിലേയ്ക്കു നീങ്ങി.

നമ്മുടെ പിതാക്കന്മാർ ആവശ്യപ്പെട്ട് നാം ആഗ്രഹിക്കുന്ന വിധം കല്പന വാങ്ങി നേടിയെടുത്ത 10 മിഷനുകളെ അംഗീകരിക്കരുതെന്നും, അവയിൽ സഭാ നിയമപ്രകാരമുള്ള പള്ളിയോഗ

(Continued on page 4)

### നുറുങ്ങുവെട്ടം



**ഗോത്രത്തലവനെതിരെ അവിശ്വാസം പ്രചരിപ്പിച്ചാൽ ഗോത്രം അരാജകത്വത്തിലാകും.**

# പെസഹാ വ്യാഴം ഫോട്ടോകൾ







*(Continued from page 3)*

നടപടി ക്രമങ്ങൾ നടപ്പിലാക്കരുതെന്നുമുണ്ടായ ചില അല്മായ നേതാക്കളുടെ ആഹ്വാനം നമ്മുടെ മിഷനുകളെ മുരടിപ്പിക്കുവാനും പുതിയവയെ തടയുവാനും കാരണമാക്കി. സമുദായത്തിൽ ഭിന്നതയുണ്ടാകാതിരിക്കുവാൻ പുതിയ മിഷനുകൾ ബലമായി സ്ഥാപിക്കുവാൻ നമ്മുടെ വൈദികർ താല്പര്യമെടുത്തില്ല. എന്നാൽ എല്ലാ മിഷനുകളിലും വംശശുദ്ധിക്കു കോട്ടം വരാതെ അവർ തങ്ങളാലാവുന്ന ശുശ്രൂഷ ചെയ്തുവരുന്നു.

അടുത്ത കാലത്ത് ഷിക്കാഗോയിൽ മിഷൻ ഇടവകയായതും മിയാമിയിൽ പുതിയ മിഷൻ ഉണ്ടായതുമൊഴികെ നമുക്കു സഭാപരമായ നേട്ടമൊന്നും കൈവരിക്കാനായില്ല. നമ്മുടെ പിതാക്കന്മാരിലും വൈദികരിലും വിശ്വാസമർപ്പിച്ച് അവരോടു സഹകരിച്ചാൽ നമ്മുടെ വംശശുദ്ധിക്കുകോട്ടം വരാതെ തന്നെ നമ്മുടെ സമുദായത്തെ ഐക്യത്തിൽ വളർച്ചയുടെ വൻനേട്ടങ്ങളിലേയ്ക്ക് എത്തിക്കുവാനൊക്കും. കർത്താവു മാർ തോമ്മാശ്ലീഹായോടു പറഞ്ഞതുപോലെ "അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക."

ഉയിർത്തെഴുന്നേറ്റ കർത്താവിനെ അനുഭവിച്ചറിഞ്ഞതോടെ തോമ്മാശ്ലീഹാ അചഞ്ചല വിശ്വാസിയും തീക്ഷ്ണതയുള്ള അപ്പസ്തോലനുമായി മാറി. ഭാരതം ഉൾപ്പെടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അദ്ദേഹം സുവിശേഷം പ്രസംഗിച്ച് സഭയുടെ ധീര രക്തസാക്ഷിത്വം വരിച്ചു.

നമുക്കു പൂർവ്വകാല അനുഭവങ്ങളിൽനിന്നു ഗുണപാഠമുൾക്കൊണ്ട് ഐക്യത്തിന്റെയും വികസനത്തിന്റെയും പുതിയ പാത തേടാം. വടക്കെ അമേരിക്കയിലെ ക്നാനായക്കാരിൽ ഇന്ന് പുതിയ ദിശാ ബോധം ഉരുത്തിരിയുന്നുണ്ടെന്നതു പ്രത്യാശാജനകമാണ്. അത് ഉദ്ദീപിപ്പിച്ച് നമ്മുടെ പിതാക്കന്മാരും വൈദികരുമായി സഹകരിച്ചും അവർക്കു പിൻബലം നല്കിയും നമ്മുടെ വിശ്വാസവും വംശശുദ്ധിയും മറ്റു പാരമ്പര്യങ്ങളും പരിപോഷിപ്പിക്കാം. അപ്പോൾ നമ്മുടെ വളരുന്ന തലമുറയും വരുവാനിരിക്കുന്ന പിൻ തലമുറകളും നമ്മുടെ സഭാ സാമുദായിക കൂട്ടായ്മയിൽ അഭിമാനം കൊള്ളുകയും അതിൽ നിലനില്ക്കുകയും ചെയ്യും.

ഒത്തിരി സ്നേഹത്തോടെ,

ഫാ. ഏബ്രഹാം മുത്തോലത്ത്

**രോഗ ശാന്തിയും സന്ദേശവും ഒന്നാം പേജ് തുടർച്ച.**

*(Continued from page 1)*

ത്തിലും പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ താഴെയുമായി കണ്ടുകൊണ്ടേ ഇരുന്നു. അതിൽ പിതാവായ ദൈവം എനിക്കു സന്ദേശം നല്കുവാൻ തുടങ്ങി. മകളെ നീയും ഞാനും ജനങ്ങളോട് ദൈവവചനം പറഞ്ഞാൽ വിശ്വസിക്കത്തില്ല. അത്ഭുതങ്ങളും അടയാളങ്ങളും കാണാതെ അവർ വിശ്വസിക്കില്ല. അതിനാൽ ഞാൻ നിനക്കു രോഗശാന്തി നല്കുന്നു. പോയി നിന്റെ കുടുംബത്തേയും മക്കളേയും കണ്ട് വിശ്വസിപ്പിക്കുക. ഉടൻ തന്നെ എന്റെ മക്കളുടെ മുഖങ്ങൾ മദറിൻലോ മുതൽ എല്ലാ സഹോദരങ്ങളുടെ മുഖങ്ങൾ കണ്ണാടിയിലെന്നപോലെ കടന്നു വന്നുകൊണ്ടേ ഇരുന്നു. ഇവർക്കെല്ലാം വേണ്ടി പ്രാർത്ഥിക്കണം. പ്രാർത്ഥനയുടെ വലിയ ആവശ്യമുണ്ട്. ഞാൻ വീണ്ടും വചനം വായിച്ചുകൊണ്ടിരിക്കുകയാണ്. വീണ്ടും പിതാവായ ദൈവം സന്ദേശം തരുന്നു. ഇന്ന് ഓശാന തിരുന്നാളാണ്, രാജാധി രാജനായി ജറൂസലേമിൽ യേശു വന്ന് ഓശാന പാടിയ ദിനമാണ്. നീയും നിന്റെ ജീവിത പങ്കാളിയും മക്കളും ഒന്നിച്ച് പള്ളിയിൽ പോയി ഓശാന കൂടി സാക്ഷ്യം പറയുക. പിന്നെ ഞാൻ മേവുഡിലെ നമ്മുടെ പള്ളിയും, അച്ചന്മാരേയും, ആൾക്കാരേയും എല്ലാം കാണുന്നു. വീണ്ടും പിതാവായ ദൈവം പറയുന്നു. **ഞാൻ ഏറ്റവും ഇഷ്ടപ്പെടുന്ന സമൂഹമാണിത് വളരെ കൂട്ടായ്മയും സ്നേഹവും സാഹോദര്യവുമുള്ള സമൂഹമാണ്. അനുഗ്രഹിക്കപ്പെട്ടവരാണ്. പക്ഷെ അഹങ്കാരം പാപത്തിനടിമകളായി ഇവരെല്ലാം നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഞാനോ നീയോ പറഞ്ഞാലിവർ കേൾക്കില്ല. നിന്റെ രോഗശാന്തി കാണിച്ച് സാക്ഷ്യം പറഞ്ഞ് ആ ജനത്തെ നീ വിശ്വസിപ്പിക്കുക.**

ഇത്രയും ശ്രവിച്ച കഴിഞ്ഞപ്പോൾ എനിക്കു മനസ്സിലായി ഇത് ദൈവമാണ് എന്നോട് സംസാരിക്കുന്നത്. ഞാൻ പാട്ടുപാടി ദൈവത്തിനു നന്ദിയും സ്തുതിയും അർപ്പിച്ചുകൊണ്ടിരുന്നു. പന്ത്രണ്ടാം അദ്ധ്യായം വരെ ഞാൻ വായിച്ചു. പെട്ടന്ന് എന്റെ ശരീരം നല്ലതുപോലെ തണുത്തു. എന്തോ വലിയ സുഖാനുഭൂതി തല മുതൽ താഴോട്ടു പോയി. ഞാൻ ചാടി എഴുന്നേറ്റു. സമയം രാവിലെ 5.15. ഞാൻ ഓടിച്ചെന്ന് ഭർത്താവിനെ വിളിച്ചുണർത്തി പറഞ്ഞു എണീക്ക്, എനിക്കു രോഗശാന്തി കിട്ടി. എനിക്കിപ്പോൾ ഭയങ്കര സുമാണ്. ശ്വാസം മുട്ടലില്ല, വേദനയില്ല, ക്ഷീണമില്ല. എഴുന്നേൽക്ക് കൊന്തചൊല്ലി നമുക്ക് ദൈവത്തിന് നന്ദി പറയാം.

ഭർത്താവിന് ആദ്യം വിശ്വാസമായില്ല. നീ എന്താണീ പറയുന്നത്? ഞാൻ ഉറപ്പിച്ചു പറഞ്ഞു. എനിക്ക് ശരിക്കും രോഗസൗഖ്യം കിട്ടി. എഴുന്നേറ്റുവന്നു ഞങ്ങൾ രണ്ടുപേരുംകൂടെ ദുഖത്തിന്റെ രഹസ്യംചൊല്ലി. അന്നുവരെ പ്രാർത്ഥിച്ചാൽ ശ്വാസം മുട്ടലുള്ള ഞാൻ ഉറക്കെ കൊന്ത ചൊല്ലി. രോഗശാന്തി കിട്ടിയോയെന്ന് ഉറപ്പാക്കുവാൻ ഉറക്കെയുറക്കെ ചൊല്ലി ദൈവത്തിന് നന്ദി പറഞ്ഞു.

പിന്നെ എനിക്ക് ഇരിക്കാൻ പറ്റിയില്ല. ഫോൺ എടുത്ത് എന്റെ സഹോദരങ്ങളേയും ബന്ധുക്കളേയും വിളിച്ച് എനിക്കു രോഗശാന്തി കിട്ടിയെന്നു സാക്ഷ്യം പറഞ്ഞു. പിന്നെ മക്കളെ പള്ളിയിൽ കൊണ്ടുപോകുവാൻ വിളിച്ചു. അപ്പോൾ മൂത്തമകൻ പറഞ്ഞു ഇല്ല എനിക്കു പറ്റില്ല എന്റെ മുട്ടിനു നീരാണ്. രാത്രി മുഴുവൻ വേദന ആയിരുന്നു. നില്ക്കാൻ പറ്റുന്നില്ല. ഞാൻ കുടുംബ സമേതം പള്ളിയിൽ പോകാൻ സന്ദേശം കിട്ടിയിട്ട് ഇനി എന്തു ചെയ്യും. വിഷമമായി.

അപ്പോൾ സഹോദരിയുടെ ഫോൺ കോൾ വന്നു. അവളോടു ഈ കാര്യം പറഞ്ഞു. അവൾ പറഞ്ഞു ദൈവത്തിന്റെ സാന്നിദ്ധ്യം എവിടെ കൂടുന്നോ അവിടെ പിശാച് ഓടി വരും. അവന്റെ കളി യാണിത്. നിന്നെ പള്ളിയിൽ വിടാതിരിക്കാൻ ചെയ്യുന്നതാണ്. നീ പുറകോട്ടു പോവാതെ പള്ളിയിൽ പോകുക. മോനു വേദന യുടെ മരുന്നു കൊടുക്കുക. ഐസ്പാക്ക് വച്ച് കാല് പൊക്കിവക്കുക. കുറഞ്ഞുകൊള്ളും. രണ്ടാമത്തെ മകനെ കൂട്ടിനിരുത്തി നീയും സണ്ണിയും പള്ളിയിൽ പോകാൻ പറഞ്ഞു.

ഞങ്ങൾ രണ്ടുപേരും പള്ളിയിൽ വന്ന് ഓശാനയുടെ ശുശ്രൂഷ മുഴുവനും കൂടി. കുർബാന കഴിഞ്ഞപ്പോൾ സാക്ഷ്യം പറയുവാൻ പറ്റാത്ത സാഹചര്യമായിരുന്നു. അതുകൊണ്ട് എന്നോട് അസുഖ കാര്യം ചോദിച്ചവരോടെല്ലാം ഞാൻ ഈ അത്ഭുതരോഗശാന്തി യേപ്പറ്റി പറഞ്ഞു. അന്നു തുടങ്ങിയ സംസാരം ഞാൻ ഇന്നുവ രെയും ഒരു കുഴപ്പവും കൂടാതെ തുടരുന്നു. ദൈവത്തിനു സ്തുതി.

പ്രാർത്ഥിച്ചാൽ ദൈവം വിളികേൾക്കുന്നവനാണെന്ന് എന്റെ ദൈവം എനിക്കും നിങ്ങൾക്കും എല്ലാം കാണിച്ചുതന്നു. വചന ത്തിലൂടെ രോഗസൗഖ്യം യേശു കൊടുത്തതുപോലെ ഇപ്പോഴും തന്നുകൊണ്ടിരിക്കുന്നു.

**എനിക്കു കിട്ടിയ സന്ദേശത്തിന്റെ ചുരുക്കം ഇതാണ്. നമുക്ക് പ്രാർത്ഥനയുടെ ആവശ്യം ഏറെയുണ്ട്. മറ്റുള്ളവർക്കു വേണ്ടിയും നാം പ്രാർത്ഥിക്കണം. വചനത്തിലൂടെ അല്ലാതെ രക്ഷയില്ല. വചനം പഠിക്കണം. ദൈവത്തെ അറിയണം. കൃപയിലേക്ക് വരണം. നാമെല്ലാവരും ഈ സമൂഹം മുഴുവനും സ്വർഗ്ഗത്തിൽ ഒന്നിച്ചു വന്നു ചേരണം.**

ഈ സാക്ഷ്യം വായിക്കുന്ന എല്ലാവർക്കും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. എനിക്കുവേണ്ടി പ്രാർത്ഥിച്ചവർക്കും എനിക്കു ശുശ്രൂഷ ചെയ്തവർക്കും നന്ദി.

## First Death Anniversary
**04-06-2008**



**Lisa Tomy Pullukattu**
**Chicago**

ഷിക്കാഗോ സേക്രഡ് ഹാർട്ട് ക്നാനായ ഇടവകയുടെ ധനശേഖരണാർത്ഥം 2008 ജൂൺ 7 ശനിയാഴ്ച വൈകുന്നേരം 6:00 ന് ഷിക്കാഗോ ഗേറ്റ്‌വേ തിയേറ്ററി ൽഅവതരിപ്പിക്കുന്നു:

(5216 W Lawrence Ave, Chicago, IL 60630)

## മണികിലുക്കം 2008

Please contact
Shiju Cheriyathil /
Binu Poothurayil
to become proud sponsor of this program.



### ദാനം ചെയ്തു നികുതി ഇളവു നേടൂ

നിങ്ങളുടെ ഉപയോഗിച്ച പഴകിയ വാഹനങ്ങൾ ഒഴിവാക്കുവാൻ ആഗ്രഹിക്കുമ്പോൾ അവ ഇടവകയുടെ പേരിലോ, അഗാപ്പെ മൂവ്മെന്റിന്റെ പേരിലോ സംഭാവന ചെയ്യുക. വാഹനങ്ങളുടെ നിയമാനുസൃത വിലയ്ക്കനുസരിച്ച് രസീത് ഐ.ആർ.എസിനു വേണ്ടി നല്കുന്നതാണ്. വാഹനം സംഭാവന ചെയ്യുവാൻ തയ്യാറാകുമ്പോൾ ഈ പദ്ധതിയുടെ കോർഡിനേറ്റേഴ്സായ ജോയി ചെമ്മാച്ചേലോ സണ്ണി തെക്കേപ്പറമ്പിലോ ആയി ബന്ധപ്പെടുക.

**SACRED HEART KNANAYA CATHOLIC PARISH**

## MARRIAGE PREPARATION COURSE

**Dates: April 11th 6:00 P.M. to 13th 6:00 P.M.**
**Coordinator: Tonny Pullappally (630) 205-5078**
**Register Early to ensure your admission.**

ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
ഉപകാര സ്മരണ



- ഒരു വിശ്വാസി, Elmhurst

ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
ഉപകാര സ്മരണ




- ഫാ. ഏബ്രഹാം മുത്തോലത്ത്

## Weekly Offering

© J. S. Paluch Co., Inc.

**March 16 & 20, 21, 22, 23**

| | |
|---|---|
| St. Mary's Unit March 16 Palm Sunday | 505.00 |
| March 20 Holy Thursday (For Charity) | 371.00 |
| St. Mary's March 21 Good Friday | 384.00 |
| St. Mary's March 22/23 Easter Mass | 1,393.00 |
| **TOTAL AT ST. MARY'S UNIT** | **2,653.00** |
| S.H. Church Mar 16 Palm Sunday | 2,537.00 |
| Food Service (Des Plaines) March 16 | 425.00 |
| Piggy Bank March 16 + Building Fund | 800.00 |
| Offering Box (Our Lady of Guadalupe) | 495.00 |
| Religious Store | 115.00 |
| Holy Thursday March 20 at S.H. for charity | 1,318.00 |
| Good Friday | 1,040.00 |
| Easter Mass Contribution at S.H. Church | 3,044.00 |
| Easter Sunday at S.H. Church | 243.00 |
| Agape Store (Charity) March 16 | 115.00 |
| Agape Store (Charity) March 22 | 72.00 |
| **TOTAL AT SACRED HEART** | **10,204.00** |



## Ushers at Sacred Heart

| March 30 | April 6 |
|---|---|
| **Malayalam Mass**<br>Sherry Kulathilkarottu<br>Vinitha Padinjath<br>Kichu Maliackalthara<br>Tinu Parangattu | **Malayalam Mass**<br>Aniena Sunny<br>Sindu Sunny<br>Vinitha Padinjath<br>Nirmal Maniparambil |
| **English Mass**<br>Geo Chemmachel<br>Vimal Thottupurathu | **English Mass**<br>Aleta Varakalayil<br>Kevin Thottichira |

## READERS / LECTORS ഉയിർപ്പുകാലം

| March 30 | PASSAGE | MALAYALAM MASS | ENGLISH MASS | ST. MARY'S UNIT |
|---|---|---|---|---|
| 1st Reading | Acts 2:42-47 | Sheeba Mutholam | Thomas Paicattu | Phibin Madayanakavil |
| 2nd Reading | 1 Peter 1:3-9 | Pennamma Chakkalathottiyil | Chinnu Vachachira | Teenamole Kalasherry |
| April 6 | | | | |
| 1st Reading | Acts 2:14, 22-33 | George Thotapurram | Jerryn Poothakkary | Jintu Muriparampil |
| 2nd Reading | 1 Peter 1:17-21 | Jigi Kattapuram | Sanju Santhosh | Angela Appozhiparampil |

## GOOD FRIDAY SERVICE AT SACRED HEART CHURH





### CANONIZATON OF SR. ALPHONSA ROME AND HOLY LAND PILGRIMAGE

**PACKAGE 1 (Rome)** October 9th to 14.

**PACKAGE 2 (Holy Land & Rome)** Octo. 1 to 14
*(Dates are not finalized and subject to change).*

Please reserve your seats with the coordinators:
Joy Chemmachel: 1-312-560-1600,
John Elakkatt 1– 773-272-1842,
Gracy Vachachira 1-630-689-7984

### WEDDING BANNS

© J. S. Paluch Co., Inc.

Shino son of Thomas and Mary Valliyodath (Thadiyampad), Chicago with Saimol daughter of Joseph (Simon) and Lilly Vadakkekara (Poozhikol), Chicago to be held on April 13, 2008. (1/3).

**Gaanam**
**Videos & Photos**
**Edukkutharayil**
**Professional Touch with Latest Technology.**







*ANIL*
*Cell: 630-202-5969*
*Res: 847-827-7827*

*Best compliments from The Mutholath Family*

**Pro-Rehab Services, P.C.**



**Outpatient Rehab. Specialists.**
Orthopedic PT, OT, ST, Pediatric Therapy, Sports Medicine, Stroke Rehab, Lymphedema Treatment.
6400 College Dr. Suite 800, Palos Heights, IL 60463
9518 W. 179th Street, Tinley Park, IL 60487
(708) 489 6PRS
*www.pro-rehabservices.com*

**Choicecare Home Health, Inc.**

**Skilled Home Health Agency of Choice**
Intermittent Skilled Nursing, PT, OT, Speech and Language Pathology, Medical Social Worker, Home Health Aide.
6400 College Dr. Suite 100, Palos Heights, IL 60463
(708) 489-0123, *www.choicecarehh.com*

Medicare Certified, most insurance accepted.

**COMPUTER SERVICE & SUPPORT**
***Home/Office service & Network***
*CALL FOR DETAILS*
Saju Chemmalakuzhy
Cell.224-392-0687
Sajuchemmalakuzhy@gmail.com
***MS Certified since 1997***

**Professional with 11 years experience in catering.**

YOU INVITE THE GUESTS, WE DO THE REST
**Malabar**
Catering &Carry-out

Call
**WILLIAM GEORGE**
3519 W. Montrose Ave,
Chicago, IL 60618
Tel: 773-588-0304
Cell 773-842-5179
E-mail:
malabarcat@yahoo.com

*We put our money where our mouth is*



Free Refinanceing !!!!!
Loan amount up to 100%
No credit, Poor credit - No Problem !
buy new home/investment property

Citywide Mortgage of America Corp.
Jimmy Thomas Kollappallil
Cell: (847) 814-3949
Off: (773) 202-2600
Fax: (773) 202-2605
Email:jimmy@citywidema.com
ക്രെഡിറ്റ് ഇല്ലേ ... സാരമില്ലാ
ക്രെഡിറ്റ് മോശം ... സാരമില്ലാ
100% ലോൺ നൽകപ്പെടും
പുതിയ വീട് വാങ്ങണം...
ഉടൻ വിളിക്കൂ (847) 814-3949

COLDWELL BANKER
MARTIN & MARBRY
*REALTOR*
For All Your Real Estate Needs
Buying, Selling, Re-locating & Investing
Call: **Zachariah Chacko (Zach)**
(A Friendly Realtor)



**Find out how much your dream home is worth today?**
**4632 W. Church St., Skokie, IL 60076**
**(847) 677-1200 (Business)**
**(847) 551-7386 (Pager)**
**(847) 374-5031 (Voice Mail)**
EQUALHOUSINGLENDER

**ROYAL TRAVEL SERVICE**
**3423 W. LAWRENCE AVE, ROOM #5, CHICAGO, IL 60625**
**TEL: (773) 509-9600, FAX: (773) 509-1196**
***KUWAIT AIRWAYS * AIR INDIA * MALAYSIAN * SWISS AIR * BRITISH AIRWAYS * LUFTHANSA AIR FRANCE * KLM * SINGAPORE AIR, ETC.,**
**YOUR KNANAYA TRAVEL AGENCY**
**CONTACT: JOSE KORATTIYIL, JAY KALAYIL, CHERIAN VENKADATHU**

